## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7974 — 24.07.2012-ൽ മറുപടിക്ക്.

## കേരളം ആസ്ഥാനമാക്കി റെയിൽവേ സോൺ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോമസ് ചാണ്ടി | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | ദക്ഷിണ റെയിൽവേയിലെ തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകളും കൊങ്കൺ റയിൽവേ കോർപ്പറേഷനുകീഴിൽ മഡ്ഗാവ് വരെയുള്ള ഭാഗവും ദക്ഷിണ പശ്ചിമ റയിൽവേയിൽ മൈസൂർ ഡിവിഷണിൽ മംഗലാപുരം മുതൽ ഹാസൻ വരെയുള്ള ഭാഗവും ചേർത്ത് പെനിൻസുലാർ സോൺ രൂപീകരിക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാവശ്യമായ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) യും ബി) യും. | 19.9.2011 ൽ ബഹുമാനപ്പെട്ട കേന്ദ്ര റെയിൽവേ മന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി നടന്ന ചർച്ചയിൽ ഒരു പ്രത്യേക റെയിൽവേ സോൺ എന്ന ആവശ്യം റെയിൽവേ പരിശോധിക്കുന്നതായി ബഹുമാനപ്പെട്ട കേന്ദ്ര റയിൽ മന്ത്രി പറയുകയും, തിരുവനന്തപുരത്ത് ആസ്ഥാനമായി ഒരു ചീഫ് അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ മേൽനോട്ടത്തിൽ ഒരു ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് തുടങ്ങുമെന്ന് പ്രഖ്യാപിക്കുകയും ടി ഓഫീസ് പ്രവർത്തനം ആരംഭിക്കുകയും ചെയ്യിട്ടുണ്ട്. ഫെബ്രുവരി 2012-ൽ ബഹു. മുഖ്യമന്ത്രി കേന്ദ്ര റെയിൽവേ വകുപ്പു മന്ത്രിക്ക് നൽകിയ മെമ്മോറാണ്ടത്തിലും സംസ്ഥാനത്തിന് പ്രത്യേക റെയിൽവേ സോൺ എന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ഇതു കൂടാതെ 10.07.2012-ൽ ഇതേ ആവശ്യം ബഹു. പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കേരളം ആസ്ഥാനമാക്കി റെയിൽവേ സോൺ വേണമെന്ന ആവശ്യത്തിന്റെ അനിവാര്യത വിദഗ്ദ്ധസമിതിയെ ബോദ്ധ്യപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും എന്തൊക്കെ നടപടികളാണ് ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ.